[Mr. Kainikara M. Padmanabha Pillai.]

because the problem of labourers in factories employing power was miserable and needed immediate attention. Therefore the exclusion of a number of factories is really a serious matter. Mr. K. G. Govindan asked Mr. P. S. Muhamed what would be the approximate number of factories so excluded. As Mr. K. G. Govindan is the mover of the amendment, I would request Mr. Govindan himself to furnish the information. When he has given an amendment raising the number from 20 to 40, I think that he would have studied the problem more clearly. So I would request Mr. Govindan to help us by telling us the number of factories that would be excluded if this amendment is incorporated into the provision of the Bill. That information is extremely valuable to us. As a member in charge of the amendment I hope Mr. Govindan will help us in understanding this. Another factor which struck me, Sir, is this. As there is a rule that chitties of above rupees 100 should be registered, every chitty fore-man divides the subscribed capital to amounts less than rupees 100 and goes on conducting them unregistered. Thus if the number of employees is fixed and defined, the natural consequence would be that every employer will try to circumvent this law by dividing and sub-dividing the factory. For instance in the case of a coir factory it is easy for any one to put up two sheds and call them two separate factories. One of such factories may be in the name of the husband and the other in the name of the wife, the whole thing being really one and the same. Thus something else is also needed to define what a factory is. Again, Sir, if we are to fix and define a factory depending nearly on the number of employees employed even during one day during the previous year several houses will have to be included among factories for there might be days when more than forty persons are employed in a house say during a marriage or some other domestic function.

MR. PUTHUPALLI S. KRISHNA PILLAI: May I know what is the power needed to run that factory?

MR. KAINIKARA M. PADMANABHA PILLAI: No power is needed here, I am speaking with reference to the amendment. I am really supporting the Legal Remembrancer and he seems to be unnecessarily afraid of me.

PRESIDENT: It is now half-past three and we will now proceed with the Adjournment Motion.

ADJOURNMENT MOTION.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I rise to move the adjournment motion which reads thus:

> "I beg leave to move for the adjournment of the business of the House for the purpose of discussing a definite matter of urget public importance, *viz.*, the serious situation created by the action of the Public Service Commissioner in having issued memos to the applicants that those who have completed the 35th year of age will not be given any appointment in the Public Service of the State."

Sir, one of the most serious and difficult problems which was attempted in vain by many of the former successive Dewans of Travancore is the problem of recruitment to the Public Service. It is a matter of sincere

LIBRARY ARCHIVES Kerala Legislative Assembly

gratification for all concerned that our present Dewan Sachivottama Dr. Sir C. P. Ramaswami Aiyar alone has been able to find out a satisfactory solution for this intricate question. The longfelt grievances of various communities in the State in the matter of getting employments in Government service were to a considerable extent redressed by you Sir, by the promulgation of the Publice Service Recruitment Rules and also by the appointment of an Advisory Board on public service recruitment. It was at this juncture that the Public Service Commissioner, for reasons quite unknown to the public has chosen to deprive many of the applicants of their legitimate chances of being recruited to the public service on the sole ground of their having completed the 35th year of age.

PRESIDENT: One word. I think it might conduce to convenience of debate and also to express the different points of view if the honourable members approach this question with an open mind. If I say that Government propose to keep an open mind on this matter and following the policy they have generally adopted, the Official members will leave the decision of the matter to the members of the House without the Official members taking part.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, it was at this juncture that the Public Service Commissioner has chosen to deprive many of the applicants of their legitimate claims.

PRESIDENT: Order, order.

MR. D. C. JOSEPH: May I know from the honourable member whether the Public Service Commissionor has issued this circular with the knowlege of the Advisory Board.

MR. PULIYOOR T. P. VELAYUDHAN PILLAI: I am sorry, I do not know. Sir, knowing as I do the present Public Service Commissioner for a long time as having been very honest, sympathetic and kind-hearted in his dealings, I wonder how he took courage to become responsible for such a decision which appears to me to be most relentless, unfair and inequitable. This circular has been rightly made the subject matter of a series of articles in some of the leading papers in the country and also of the resolutions unanimously passed at public meetings held in different parts of the State. With a view to correctly understand the exact position with regard to this matter, I have submitted an interpellation which remains unanswered.

PRESIDENT: Order, order. Is the Public Service Commissioner in a position at the moment to give those figures for which he wanted time?

MR. C. S. LEKSHMANAN PILLAI: Yes Sir, I can give it.

PRESIDENT: You give the information now before we proceed further.

MR. PULIYOOR T. P. VELAYUDHAN PILLAI: I have submitted my interpellation long before.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: This morning on two separate matters information was called for. If the information is available now, that may be imparted so that the further discussion may proceed on the basis of actual information.

MR. C. S. LEKSHMANAN PILLAI: The total number of registered candidates in the Lower Division is 39,226. The total number affected by this Rule, 2353. Those with acting service for more than two years affected by this Rule 170. These figures, I may submit, are only approximately correct.

MR. KAINIKARA M. PADMANABHA PILLAI: One information more Sir. May I know the number of persons among these that were advised to be appointed and then rejected?

MR. C. S. LEKSHMANAN PILLAI: I can give the following approximate figures. Persons appointed on the advice of the Public Service Commissioner 300. Persons who secured short-term appointments from the appointing authorities other than on the advice of the Public Service Commissioner 1900. The figures of the Intermediate Division also were sought this morning.

PRESIDENT: Will you read the particulars about the last figure over again?

MR. C. S. LEKSHMANAN PILLAI: 1900 candiates in the Lower Division secured appointments without the advice of the Public Service Commissioner. These were short-term acting appointments. In the Intermediate Division the total number of selected candidates awaiting recruitment 995 and those affected by this Rule 78. These figures also are approximate.

PRESIDENT: Mr. T. P. Velayudhan Pillai may now proceed.

MR. PULIYOOR T. P. VELAYUDHAN PILLAI: This is no doubt a matter of deep concern for all concerned without any distinction of caste, creed, or community. I know several instances in which some people for no fault of theirs are out of service after having begun to act in public service from so early as 1100. There are ever so many cases in which some people, after having acted in short vacancies on the advice of the Public Service Commissioner, are out of service as a result of the operation of Rule 45 of the Public Service Recruitment Rules. Sir, this morning it has been admitted by the Public Service Commissioner as he has done just at present, that about 2353 persons will be denied the right of being recruited again to the public service as a result of the present decision, if it comes into operation. Sir, my submission is that this figure 2353 is a sufficiently large number whose legitimate grievances should deserve the sympathetic consideration of the Government and the Public Service Commissioner.

LIBRARY ARCHIVES Kerala Legislative Assembly

MR. KOCHUKORA THARAKAN: ചെങ്ങന്നൂരിലെ പേരെ മാറ്റിക്കളഞ്ഞു എന്നു പറഞ്ഞല്ലോ. അവരുടെ ജാതിവിവരപ്പട്ടിക ഒന്നു പറയാമോ?

MR. PULIYOOR T. P. VELAYUDHAN PILLAI: What I have submitted just a few minutes before is that this is a matter which has absolutely no concern with regard to the question of community because it affects the members of all communities alike and I am not in possession of a caste-war statement of the number belonging to each community and if my friend is so very earnest I request him to get the necessary information from the Public Service Commissioner.

MR. KAINIKARA M. PADMANABHA PILLAI: May I know from the member whether this would in any way affect the number now fixed?

MR. PULIYOOR T. P. VELAYUDHAN PILLAI: I am definitely of the view that it will never affect the rotation prescribed in the Rules, because these people will be taken in accordance with the prescribed Rules in force. It will not affect the rights of any community.

Why should these poor innocent people be punished for no fault of theirs especially when it was not within their power to get themselves confirmed in Government service before the completion of their 35th age. And Sir, it is only natural justice.

MR. K. R. NARAYANAN: രണ്ടു കൊല്ലത്തെ സർവീസുള്ളവർക്ക് ജോലി കിട്ടുകയില്ലേ?

MR. PULIYOOR T. P. VELAYUDHAN PILLAI: രണ്ടു കൊല്ലത്തെയല്ല, എത്രകൊല്ലത്തെ സർവീസുള്ളവർക്കും ജോലികിട്ടും.

MR. K. R. NARAYANAN: അതല്ല ഞാൻ ചോദിച്ചത്. രണ്ടുകൊല്ലത്തെ സർവീസുള്ളവർക്കു മറ്റു അപേക്ഷകന്മാരെ അപേക്ഷിച്ചു മുൻഗണന കിട്ടുകയില്ലേ?

MR. PULIYOOR T. P. VELAYUDHAN PILLAI: നിയമപ്രകാരം മുൻഗണനയ്ക്ക് അവകാശം ലഭിക്കണമെങ്കിൽ മുന്നു വർഷത്തെ സർവീസുണ്ടായിരിക്കണമെന്നാണ് എന്റെ ഓർമ്മ.

It is only natural justice that one should not be punished for something which was not within his power to perform within a prescribed time and my submission is that it will be in the interest of the efficiency of service also if these persons who have acting service to their credit are again appointed to the public service. Then again Sir, no rule or order passed by Government should be of such a nature as to destroy the acquired right or additional qualification of any person by giving the rule retrospective application. I have absolutely no complaint if the present rule is made applicable only in the case of persons who have been appointed to the publice service after the date of the

LIBRARY ARCHIVES Kerala Legislative Assembly

[Mr. Paliyur T. P. Velayudhan Pillai]

promulgation of the present rule. My only submission is that it should not be made applicable in the case of persons who had acted in public service before the date of this Rule. So my object in moving this adjournment motion is that the Government may be graciously pleased to reconsider the present rule and give an opportunity to all those people who had acting service whether they have completed 35th year of age or not. With these observations I commend my adjournment motion for the unanimous acceptance of the House.

MR. N. NARAYANA KURUP (*Ambalapuzha* cum *Shertala*): I would support the motion ably put forth by Mr. T. P. Velayudhan Pillai. The Government through the Public Service Commissioner invited applications from candidates who were eligible for appointment in the various grades of appointments in several departments and received a sum which also enriched Government Treasury to some extent. After inviting their applications and registering their names on various occasions now the Government finds it difficult to appoint them in the various departments. As a policy, Government is not in a position to appoint all of them and so Government makes a trick that all those who have completed 35 years of age are not eligible for appointment. It would have been better for Government if they said that those who have applied before 1st Chingom 1116 are not eligible for appointment. Is it the fault of the candidates who are invited to submit their applications because they have completed 35 years. As the year goes on they also grow in age. The supply exceeds the demand. The Government ought to be just and correct and the innocent people should not be punished for no fault of theirs just as Mr. Velayudhan Pillai said. As this rule will apply to the poor candidates who have completed 35 years of age, Government will not be in a position to appoint those who are 35 now and a time will also come when Government will not be able to give appointments to all these before they are 35. Then the Government will fall upon this rule and say that those who have completed their 35th age will not get appointments.

I know as a matter of fact several persons had been appointed by the Heads of departments at such a time, when the Public Service Commissioner was not functioning and those who had put in 10 years of service were not able to get any appointment after 35 years of age. If this rule is enforced, I ask Government, is not injustice done to those candidates who have put in a total service of 5 years or 6 years as the case may be and who perhaps might not be continuing in service at present and might have completed 35 years? They are not eligible for appointment because they are not in acting service when the circular is issued. Therefore in my humble submission this is a very hard rule which affects about 2000 candidates from whom the Government have received some remuneration which according to me has enriched the Government Treasury. Therefore it is idle to enforce this circular on those poor candidates who have done no wrong to the Government or to the public. With these observations I support the motion of Mr. T. P. Velayudhan Pillai.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : Is there any other honourable member who wishe to speak.

MR. THARIATHU KUNJITHOMMEN : സർ, ഈ പ്രമേയത്തെ പൂർണ്ണമായി അനുകൂലിക്കുന്നതായാൽ പബ്ളിക്ക് സർവ്വീസിൽ പല വൈകല്യങ്ങളും വന്നുപോകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു അവതാരകനും പബ്ളിക്ക് സർവീസ് കമ്മീഷണരും ഇതിനെപ്പറ്റി സമാധാനം പറഞ്ഞുകഴിഞ്ഞതിനുശേഷം വേണം വോട്ടുചെയ്യുന്നതു നെപ്പറ്റി നിശ്ചയിക്കുവാൻ. പബ്ളിക്ക് സർവീസിൽ നിയമനങ്ങളും നടത്തുന്നതിനെ സംബന്ധിച്ച് ഒരു ശരിയായ വ്യവസ്ഥ, എല്ലാ സമുദായങ്ങൾക്കും രക്ഷാകരമായവിധത്തിൽ വരുത്തണമെന്നു ഒ ള കൊല്ലംമുൻപുമുതൽക്കു വാദിച്ചുതുടങ്ങിയതാണു്. ആ വാദം മുറുകിവന്നപ്പോൾ ദിവാൻ മി. രാഘവയ്യായുടെ കാലത്തു പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളെ മുൻനിറുത്തി വേണം ഭാവിനിയമനങ്ങളും നടത്തേണ്ടതെന്നുള്ള നയം അംഗീകരിക്കപ്പെട്ടു. അതിനെ അവഗണിച്ചുള്ള നിയമനങ്ങളും പിന്നെയും നടന്നു. ഉദ്യോഗസ്ഥന്മാർ അവരുടെ ചാർച്ചക്കാരെയും വേഴ്ചക്കാരെയും പല വേക്കൻസികളിലും നിയമിക്കുകയും ചില ലാംഗ് വേക്കൻസികളിൽ ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിച്ച് അവധി എടുപ്പിച്ചും മറ്റും പലരെയും നിയമിക്കുകയും ചെയ്തു. ആ സ്ഥിതി കൗൺസിലിൽ കൊണ്ടുവന്നു. ചില ഉദ്യോഗസ്ഥന്മാരോടു നമാധാനം ചോദിച്ചു. തൃപ്തികരമായ സമാധാനം തരാത്തപക്ഷം ഗൗരവമായ നടപടികളും നടത്തുമെന്നു പറഞ്ഞു ദിവാൻ മി. രാഘവയ്യായുടെ കാലത്തുതന്നെ ശരിയായവിധം നിഷ്കർഷിച്ചു. അങ്ങേഹം പോയതോടുകൂടി കാര്യങ്ങളും പിന്നെയും അമാന്തമായിത്തുടങ്ങി. ഒടുവിൽ അതിലേയ്ക്കു് ഒരു കമ്മിറ്റിയെ നിയമിച്ചു. അപ്പോഴെയ്ക്കും അക്ടിംഗുകാരുടെ സംഖ്യ വർദ്ധിച്ചു. പബ്ളിക്ക് സർവ്വീസ് കമ്മിറ്റിയിൽ ഞാനും ഒരു മെംബറായിരുന്നു. അപ്പോൾ എഴുന്നൂറും, ആയിരവും, ആയിരത്തഞ്ഞൂറും ഒക്കെയായി അക്ടിംഗുകാരുടെ സംഖ്യ. ഞങ്ങൾ ഇതിനെപ്പറ്റി ഒടുവിൽ സമഗ്രമായ ഒരു റിപ്പോർട്ടുണ്ടാക്കി ഗവണ്മെൻറിലേക്ക് സമർപ്പിച്ചു.

MR. K. R. NARAYANAN : ഇപ്പോഴും അക്ടിംഗുകാരുടെ സംഖ്യ വർദ്ധിച്ചല്ലേ വരുന്നതു്?

MR. THARIATHU KUNJITHOMMEN : ഞാൻ പറയുന്നതു മുഴുവനും ശ്രദ്ധിച്ചിട്ടു ചോദ്യങ്ങൾ ചോദിക്കുകയാണുത്തമം.

അക്ടിംഗുകാരിൽ തുടർച്ചയായ മൂന്നുകൊല്ലത്തെ സർവീസിലുള്ളവരെ എടുത്തുകൊള്ളുക. മറ്റുള്ളവരുടെ അവകാശങ്ങളും സാമുദായികമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariatu Kunjithommen:]

യി ഗണിച്ചാൽമതി എന്നായിരുന്നു കമ്മിറ്റിയുടെ നിർദ്ദേശം. എന്നാൽ അതിനെ അവഗണിച്ചാണ് നിയമനങ്ങൾ നടത്തിയത്. അതിന്റെ ദുഷ്ഫലങ്ങൾ വെളിയിൽ വന്നു. ഒടുവിൽ ജനങ്ങൾ എല്ലാവരും യോജിച്ച് ഇതിനൊരു തീരുമാനംചെയ്യണമെന്നു ഗവണ്മെന്റ് ആ തീരുമാനത്തെ അംഗീകരിക്കയുംചെയ്തു. സാമുദായികമായ സകല അസ്വസ്ഥതകളും അങ്ങിനെ അവസാനിച്ചു. സർവ്വസമുദായമൈത്രിയെ അടിസ്ഥാനമാക്കി ഈ കാര്യത്തിന് ഒരു യോജിപ്പുണ്ടാക്കുകയാണു ചെയ്തത്. എന്നിട്ടും അതിന്റെ ഫലം ഗുണകരമല്ല. അതെന്തുമാകട്ടെ.

MR. K. P. KOCHUKORA THARAKAN : അതിന്റെ ഫലം ഗുണകരമല്ലെങ്കിൽ, അഡ്വൈസറി ബോർഡിലെ ഒരു മെംബർ എന്ന നിലയ്ക്കു മെംബർക്കും വേണ്ട പരിഹാരനിർദ്ദേശങ്ങൾ കൊടുക്കാമായിരുന്നില്ലേ?

MR. THARIATHU KUNJITHOMMEN : അഡ്വൈസറിബോർഡ് കഴിഞ്ഞ തുലാമാസത്തിലാണ് ഉണ്ടായത്. അവിടെ ഒന്നും ആർക്കും ചെയ്യാൻ യാതൊരധികാരവുമില്ല.

MR. A. K. KUMARAN VAIDYAN : അഡ്വൈസറിബോർഡിൽവച്ചു ചെയ്ത നിശ്ചയങ്ങളനുസരിച്ച് അല്ലയോ പബ്ലിക്ക് സർവീസ് കമ്മീഷണർ നിയമനങ്ങൾ നടത്തുന്നത്?

MR. THARIATHU KUNJITHOMMEN : അവിടെ ഒരു നിശ്ചയവും പാസാക്കിയില്ല. ഒരു ശുപാർശയും ചെയ്യാൻ അവകാശവുമില്ല.

MR. P. S. MUHAMED : ഗവണ്മെന്റിന്റെ ജി. ഒ. അനുസരിച്ചു നിയമനങ്ങൾ നടത്തിയിട്ടില്ലേ?

MR. THARIATHU KUNJITHOMMEN : ജി. ഒ. അനുസരിച്ച് നിയമനങ്ങൾ നടത്തുന്നില്ലേ എന്നു തിരക്കിയപ്പോൾ അതിന്റെ കീഴിൽ മറ്റു ചില വ്യവസ്ഥകൾ ഉണ്ടെന്നു പറഞ്ഞു. ആ അവസരത്തിൽ എന്നോടു ചോദ്യം ചോദിച്ച ആളും ഉണ്ടായിരുന്നു.

PRESIDENT : Order, order. Although there is no definite rule such as obtains in the case of Select Committees, it is useful that during discussions in the House, proceedings that take place in those various Advisory Committees are not discussed or canvassed. It is a matter of convenience of procedure because complete independence of discussion, the possibility of compromises and such things will disappear if all the debates in those various Advisory Committees which have been already appointed and are going to be appointed were to be discussed at full length here on the floor of this House.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN : ഇപ്പോൾ അക്കറിംഗ്രകാരായി മൂവായിരം പേർ ഉണ്ടെന്നു കാണുന്നു. നാല്പത് വയസ്സായവരെയും എവിടെയെങ്കിലും നിയമിക്കണമല്ലോ. ഇപ്പോൾ നാല്പത് വയസ്സിനു മേലുള്ളവരെ നിയമിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ. ആ വ്യവസ്ഥ പലതുകൊണ്ടും ജനങ്ങളുടെ പൊതുനന്മയ്ക്കും ആവശ്യമാണെന്നു തോന്നുന്നു. നാല്പത് വയസ്സിനു മേലുള്ളവരെക്കൂടി നിയമിച്ചു വരുമ്പോൾ നാല്പത് വയസ്സായി ഇപ്പോൾ ജോലിക്കു അപേക്ഷിച്ചിരിക്കുന്നവർക്ക് അറുപത് വയസ്സാകുമ്പോഴേയ്ക്കും ജോലി കിട്ടുകയുള്ളൂ. അവർ താഴ്ന്ന ജോലിക്കാണ് പോകുന്നതെന്നു ഓർമ്മ വേണം. പെൻഷൻ കിട്ടുകയില്ല. അതുകൊണ്ട് ബുദ്ധിമുട്ടുകൂടാതെ ഇതുവരെ കാലം എങ്ങനെയെങ്കിലും കാലക്ഷേപം കഴിക്കണമെന്ന് വിചാരിക്കുകയേയുള്ളൂ. സമുദായത്തിൽ പൗരുഷവും ചുണയുമുള്ള യുവാക്കന്മാർക്ക് പബ്ലിക്കു സർവീസിൽ പ്രവേശിക്കുന്നതിനു നിവൃത്തിയില്ലാതെ വരുന്നു.

MR. N. NARAYANA KURUP : ഇപ്പോൾ അൻപതും അൻപത്തിനാലും വയസ്സായി ജോലിയിലിരിക്കുന്നവരും ഇങ്ങനെ പ്രലോഭനങ്ങൾക്ക് വഴിപ്പെട്ടുമെന്നാണോ മെംബർ പറയുന്നത്?

MR. THARIATHU KUNJITHOMMEN : ചിലർ വഴിപ്പെട്ടേക്കാം. എന്നാൽ ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരും അങ്ങനെയാവുകയാണെങ്കിൽ സ്ഥിതിഗതികൾക്കു വലിയ വ്യത്യാസം വരും. ചില വ്യത്യാസങ്ങൾ ഉണ്ടായി എന്നും വരാം. എന്നാലും ജനറലായിട്ടു നോക്കുമ്പോൾ കാര്യം നന്നായിരിക്കുകയില്ല.

MR. K. P. KOCHUKORA THARAKAN : മെംബറിനെപ്പോലെയുള്ളവരെ നിയമിച്ചാൽ പ്രലോഭനങ്ങൾക്കു വഴിപ്പെടുമോ?

MR. THARIATHU KUNJITHOMMEN : എന്നെപ്പോലെയുള്ളവരുടെ കഥയല്ല ഞാൻ പറഞ്ഞതു്. പ്രവർത്തിക്കുന്നതിനു ശക്തിയും കാര്യക്ഷമതയും ഉള്ള യുവാക്കന്മാരോടുള്ള അനുഭാവംകൊണ്ടുമാത്രം ഞാൻ ഇതു പറഞ്ഞതാണ്. ഇതു ബഹുമാനപ്പെട്ട മെംബറിനും അറിയാവുന്നതാണ്. കാള പെറ്റു എന്നു കേട്ട ഉടൻ കയറെടുക്കാൻ തുടങ്ങുന്നതുപോലെ യോഗ്യങ്ങൾ ചോദിച്ചാൽ വിഷമിച്ചുപോകും. കണക്കു ശാസ്ത്രമല്ലാ, രാജ്യതന്ത്രം. നാലും മൂന്നും ഏഴുതന്നെയാണ്. എന്നാൽ പ്രായോഗികമായ പല തന്ത്രങ്ങളിൽക്കൂടിയാണ് രാജ്യതന്ത്രം നിലകൊള്ളുന്നതു്. പബ്ലിക്ക് സർവീസിൽ പ്രവേശിക്കുന്നവർക്ക് പ്രാപ്തിയും പൌരുഷവും പക്വതയും കാര്യക്ഷമതയും എല്ലാം വളരെ അത്യാവശ്യമാണ്.

MR. PULIYOOR T. P. VELAYUDHAN PILLAI: വയസ്സ് ചെന്നവർക്കല്ലേ കൂടുതൽ പക്വബുദ്ധിയുള്ളതു്? അതുകൊണ്ട് അവരെ നിയമിക്കുകല്ലേ നല്ലതു?

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN: എന്നെപ്പറ്റി പറഞ്ഞതിനു മറുപടിയാണ് ഞാൻ പറഞ്ഞതു്. പ്രവർത്തനരംഗത്തിൽ ഇറങ്ങി പ്രവർത്തിക്കേണ്ടവർ പ്രവർത്തനശക്തിയുള്ളവരായിരിക്കണം. റോഡിന്റെ കിടപ്പനുസരിച്ചു വേണം കാർ ഓടിക്കുവാൻ. അല്ലാതെ സങ്കല്പറോഡുകളിൽക്കൂടി കാർ ഓടിച്ചാൽ അതു് വല്ല കുണ്ടിലോ കുഴിയിലോ ചെന്നു ചാടി എന്നുവരും.

MR. P. SIVARAMA PILLAI: മെംബർ പറയുന്നതു് യുവാക്കന്മാർക്കു് ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ സ്ഥാനം ഇല്ലെന്നാണോ?

MR. THARIATHU KUNJITHOMMEN: അവക്കും സ്ഥാനമുണ്ടു്. പക്ഷെ എല്ലാവക്കും വേണമെന്നേ ഞാൻ പറയുന്നുള്ളൂ. യുവാക്കന്മാക്കു തീർച്ചയായും വേണം. എല്ലാ തുറയിലും എല്ലാ തരക്കാരും വേണം. എല്ലാ സമുദായക്കാരും വേണം. ബ്രാഹ്മണ സമുദായത്തിൽപെട്ടവക്കും നായർ സമുദായത്തിൽപെട്ടവക്കും ആണു് കൂടുതൽ ഉദ്യോഗങ്ങളും ഉള്ളതു്. അവർ അവരുടെ ചാർച്ചക്കാരെയും മറ്റും നോക്കി ആക്റ്റിംഗുകാരായി നിയമിച്ചു. അതുകൊണ്ടു് ആ സമുദായങ്ങളിൽപ്പെട്ടവരാണു് ഇപ്പോൾ കൂടുതൽ ആക്റ്റിംഗുകാർ.

MR. P. NARAYANA PILLAI (*Mavelikara cum Kunnatur*): പ്രായമുള്ള ആളുകൾ എല്ലാ സമുദായക്കാരിലും ഒരുപോലെ കാണുമെന്നു് മെംബർക്കറിയാമോ?

MR. THARIATHU KUNJITHOMMEN: അതിനെപ്പറ്റി ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

അതുതന്നെ പോരാ. എല്ലാ സമുദായങ്ങളെയും പ്രതിനിധീകരിക്കുന്നതുപോലെതന്നെ ഉദ്യോഗവിഷയത്തിൽ എല്ലാ പ്രദേശങ്ങളെയും പ്രതിനിധീകരിക്കണം. പ്രാദേശികമായ പ്രാതിനിധ്യം ഇപ്പോൾ കിട്ടുന്നതിനെ നോക്കുന്നില്ല. ചില താലൂക്കുകളിൽനിന്നും ആരെയും നിയമിച്ചിട്ടില്ലാ എന്നു കാണാം. ഉണ്ടെങ്കിൽതന്നെ തുച്ഛമായിരിക്കും. അതേ അവസരത്തിൽ പ്രാദേശികവ്യവസ്ഥ അനുസരിച്ചു കൂടുതൽ പ്രാതിനിധ്യമുള്ള ചില താലൂക്കുകളും കാണും. ഇക്കാര്യത്തിൽകൂടി ഗവണ്മെൻറു ചിലതു ഖണ്ഡിതമായി വ്യവസ്ഥ ചെയ്താൽ വലിയ കുഴപ്പംകൂടാതെ കഴിക്കാവുന്നതാണു്.

MR. M. R. NARAYANA PILLAI (*Tiruvalla*): സമുദായപ്രാതിനിധ്യം ഇല്ലാതാക്കിയതിനുശേഷം താലൂക്കു പ്രാതിനിധ്യം വേണമെന്നുള്ള വാദമാണോ മെംബർ ഇപ്പോൾ കൊണ്ടുവരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN : അതിനും ഇടകൊടുക്കരുതെന്നാണ് ഞാൻ പറഞ്ഞതു്. ആ പരാതിക്കു വക കൊടുക്കാതെ നിയമനങ്ങൾ സൂക്ഷിച്ചു നടത്തിയാൽ മാത്രം മതിയാകുന്നതാണ്. വടക്കൻ തിരുവിതാംകൂറിലുള്ള താലൂക്കുകളിൽനിന്നും വളരെ ഉദ്ദേശമായിട്ടുള്ള നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ. അതു് ആരുടെയും കുറ്റംകൊണ്ടല്ലായിരിക്കും. ആക്റ്റിംഗുകാരെത്തന്നെ നിയമിക്കുകയാണെങ്കിൽ സമുദായപ്രാതിനിധ്യത്തിനു ദോഷമില്ലാത്തവിധത്തിൽ ആയിരിക്കുമെന്നു പറയുന്നു. പക്ഷെ, അങ്ങനെ നിയമിക്കപ്പെട്ടവരെല്ലാം മുൻപു് ക്ലർക്കുതൽ ഉദ്യോഗപ്രാതിനിധ്യം നേടിയിട്ടുള്ള സ്ഥലങ്ങളിൽപ്പെട്ടവരാണു്. ഈ അമിതമായ പ്രാതിനിധ്യംകൊണ്ടു് പൊതുജനങ്ങൾക്കുതന്നെ വളരെ ദോഷമുണ്ടു്. ഏതെങ്കിലും ഒരാളിനെപ്പറ്റി ഒരു പരാതിയുമായി ഒരുദ്യോഗസ്ഥന്റെ അടുക്കൽ ചെന്നാൽ ആ ഉദ്യോഗസ്ഥന്റെ നാട്ടുകാരനാണു് പരാതിക്കാരനെങ്കിൽ അയാളെ മിക്കവാറും താങ്ങുന്ന ഒരു സ്വഭാവം നാം കാണുന്നുണ്ടു്. ഇതു് പൊതുജനക്ഷേമത്തിനു ഹാനികരമാണെന്നു പ്രത്യക്ഷമാണല്ലോ. അങ്ങനെ എനിക്കനുഭവമുണ്ടു്. ഇനി പതിനഞ്ചു കൊല്ലമോ ഇരുപതു കൊല്ലമോ കാത്തിരുന്നതിനുശേഷമേ ഇപ്പോഴുള്ള ആക്റ്റിംഗുകാരുടെ എല്ലാം നിയമനങ്ങൾ തീർന്നു പുതിയ നിയമനങ്ങൾ നടത്തുകയുള്ളൂ എന്നും എങ്കിൽമാത്രമേ പ്രാദേശികമായി വന്നിട്ടുള്ള അമിത പ്രാതിനിധ്യം ഒട്ടെങ്കിലും പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും വന്നാൽ അതു കഷ്ടമല്ലേ? എല്ലാ പ്രദേശങ്ങളിലും ക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ പ്രാദേശിക പ്രാതിനിധ്യം അനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയേ സാധിക്കയുള്ളൂ. അതുകൊണ്ടു് ആ ദുഷിച്ച കീഴ്മര്യാദയെ ഇനിയും തുടർന്നുകൊണ്ടുപോകാൻ പാടില്ല. അതു ഒരു സമുദായത്തിനും ഗുണകരവുമല്ല. നായർ സമുദായത്തിലും ബ്രാഹ്മണ സമുദായത്തിലും പെട്ടവരാണു് ആക്റ്റിംഗുകാർ അധികംപേരും.

MR. T. C. KESAVA PILLAI : മെംബർ ആക്റ്റിംഗുകാരുടെ ലിസ്റ്റ് കണ്ടിട്ടുണ്ടോ ?

MR. KAINIKARA M. PADMANABHA PILLAI: ലോവർ ഗ്രേഡിൽ ഇന്നുള്ള വെയിറ്റിംഗ്ലിസ്റ്റിൽ ഇന്നുവരെ അപേക്ഷിച്ചിട്ടുള്ളവരുടെ മുഴുവൻ പേരുമാണു് അതെന്നു മെംബർക്കറിയാമോ?

MR. THARIATHU KUNJITHOMMEN : ഏതായാലും ഒന്നു നിശ്ചയമാണു്. 18 വയസ്സു് ഇപ്പോഴായിരിക്കണമെങ്കിൽ 40 കൊല്ലത്തിനു മുൻപെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kurjithommen.]

ങ്കിലും ആക്ടിംഗ് ജോലി കിട്ടിത്തുടങ്ങിയിരിക്കണം. അപ്പോൾ അതനുസരിച്ച് ഇവക്കെല്ലാം ജോലികിട്ടിവരുന്നതിന കാലം എത്ര പിടിക്കും.

MR. M. SIVATHANU PILLAI : ന ഉ എന്നുള്ളതു് നാല്പത്തഞ്ചു് എന്നാക്കിയാൽ ഈ കായ്മം തീരുമോ?

MR. THARIATHU KUNJITHOMMEN: ഇന്നത്തെ ആർഡർകൊണ്ടു ചില പ്രത്യേക സമുദായക്കാക്കാണ് കൂടുതൽ ഉപദ്രവമുള്ളതെന്നാണ് എന്റെ ധാരണ. സ്ഥിതിഗതികളെപ്പറ്റി പബ്ലിക്ക സർവീസ് കമ്മിഷണർ അവർകളിൽനിന്ന ശരിയായ വിശദീകരണം കേട്ടതിനശേഷമേ അറിയാൻനിവൃത്തിയുള്ളൂ. എന്റെ സ്നേഹിതന്മാർ എന്നെ തെറ്റിദ്ധരിക്കരുതു്.

MR. K. R. NARAYANAN : ആർഡർ ഭേദപ്പെടുത്തിയാലും നിയമനം നടത്തേണ്ടതു് സമുദായപ്രാതിനിധ്യതത്വത്തിന്മേലാണെന്നു് വ്യക്തമായി സമ്മതിച്ചാലും ഇതുകൊണ്ടു് എന്താണ് തരക്കേട്ട?

MR. THARIATHU KUNJITHOMMEN : ഞാൻ പറഞ്ഞതു് എല്ലാ കായ്മങ്ങളെയും നോക്കിയാണ്. സമുദായപ്രാതിനിധ്യം മാത്രം നോക്കിയാൽ മതിയോ? രാജ്യശ്രേയസ്സു്, പൊതുജനക്ഷേമം, നീതി ഇതെല്ലാം നോക്കണം. എനിക്കോ എന്റെ സമുദായത്തിനോ ഉള്ള സ്വാർത്ഥലാഭത്തെ മുൻനിറുത്തിയല്ല ഞാൻ ഇതെല്ലാം പറഞ്ഞതു്. മഹാരാജാവു തിരുമനസ്സിലെ സകല പ്രജകൾക്കും സമാധാനവും ക്ഷേമവും ഉണ്ടാകണം.

MR. M. SIVATHANU PILLAI : ഈ രണ്ടായിരത്തിമുന്നൂറിഅൻപത്തിമൂന്ന പേരിൽ സുറിയാനി ക്രസ്ത്യാനികൾ കൂടുതലാണെങ്കിൽ മെംബറിന്റെ അഭിപ്രായം എന്താണ്?

MR. THARIATHU KUNJITHOMMEN: ആ ഒരേ കാരണംകൊണ്ടുതന്നെ ഈ ആർഡർ ഭേദപ്പെടുത്തരുതെന്ന ഞാൻ പറയും.

MR. M. SIVATHANU PILLAI : അതുകൊണ്ടു് ഈ പ്രമേയത്തെ മെംബർ എതിർക്കും എന്നാണൊ പറയുന്നതു്

MR. THARIATHU KUNJITHOMMEN : എന്റെ അഭിപ്രായം ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

MR. M. SIVATHANU PILLAI : എന്റെ ചോദ്യത്തിനുത്തരം പറയണം.

MR. THARIATHU KUNJITHOMMEN: ആ കാരണത്താൽതന്നെ പതിൻമടങ്ങു് ശക്തിയായി ഞാൻ ഇതിനെ എതിർക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ എന്റെ സമുദായത്തിൽനിന്നും ഉദ്യോഗനിയമത്തിൻ വുലന്മാരെ മാത്രമേ ലഭിക്കുകയുള്ളൂ എന്ന ദുഷ്പേരു് ഉണ്ടാകും. അതുകൊണ്ടു് ഈ പദ്ധതി ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. SIVARAMA PILLAI : ഈ ആർഡർ പ്രകാരം ഉദ്യോഗം ലഭിക്കാതെയിരിക്കുന്നവർ എന്തു ചെയ്യണമെന്നാണ് മെമ്പർ പറയുന്നത്.

MR. THARIATHU KUNJITHOMMEN : ഏതായാലും അവർ അനുഗ്രഹീതരാണ്. കുറേനാൾ അവക്ക് ഉദ്യോഗംകിട്ടി, ശമ്പളവും വാങ്ങിച്ചു. അവരോട് അത്രവളരെ അനുകമ്പ കാണിക്കേണ്ട ആവശ്യമില്ല. യുവത്വമുള്ള യുവാക്കന്മാർക്കാണ് ഉദ്യോഗം കൊടുക്കേണ്ടത്.

PRESIDENT : Order, order.. Honourable members will remember that no speech during this debate will exceed 15 minutes in duration. I understand that a certain number of honourable members are desirous of taking part in this debate and therefore I would suggest to the honourable members to keep the 15 minutes' limit.

But, before I again call upon Mr. Thariathu Kunjithommen to speak, there is one point I wish to inform this House about. We have hardly touched the payment of Wages Bill and I know that there is some other legislative work which is urgent and has to be undertaken. It is therefore proposed, if this honourable House sees fit, to summon a meeting of the legislature some time in March.

(At this stage the President left the House and the Deputy President took the Chair.)

MR. THARIATHU KUNJITHOMMEN : ഈ പ്രസ്താവിച്ച കാരണത്താൽ ഈ പ്രമേയത്തെ എനിക്ക് അനുകൂലിക്കാൻ നിവൃത്തിയില്ല. കായ്ക്ഷമതയ്ക്കും പൊതുവേ ജനക്ഷേമത്തിനും അതു ഹാനികരമായിരിക്കുന്നു. അതിനാൽ ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

MR. P. S. MUHAMED: സർ, ബഹുമാനപ്പെട്ട മെംബർ മി. കുഞ്ഞിത്തൊമ്മൻ എന്റെ ചോദ്യത്തെ തെറ്റിദ്ധരിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. പബ്ലിക്ക് സർവീസ് അഡ്വൈസറി കമ്മിറ്റി കൂട്ടുന്നതിനു ഇടയായിട്ടില്ലെങ്കിലും അതിനിടയ്ക്കു നടന്ന നിയമനങ്ങൾ പബ്ലിക്ക് സർവീസ് കമ്മീഷണർ ശരിയായിട്ടല്ലാ നടത്തിയിട്ടുള്ളതെന്ന് മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞസന്ദർഭത്തിൽ ജി. ഒ. അനുസരിച്ചുകിലും നിയമനങ്ങൾ നടന്നിട്ടുണ്ടോ എന്നും സാമുദായിക റൊട്ടേഷൻ അനുസരിച്ച് അതാതു സമുദായക്കാർക്കു നിയമനങ്ങൾ ലഭിക്കുന്നുണ്ടോ എന്നും ഞാൻ ചോദിച്ചു എന്നല്ലാതെ മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതു ശരിയല്ലെന്നോ അദ്ദേഹത്തോടു ഒന്നിലും ഞാൻ യോജിക്കുന്നില്ലാ എന്നോ അതിനു അർത്ഥമില്ല. ഈ പ്രശ്നം വളരെ പ്രയാസമുള്ള ഒന്നാണ്. നല്ല വയസ്സു കഴിഞ്ഞവർ കുറഞ്ഞതു പത്തുവർഷമെങ്കിലും ഉദ്യോഗത്തിനുവേണ്ടി കാത്തുകിടന്നു ഇപ്പോൾ ഉദ്യോഗസംബന്ധമായി യാതൊരാ

LIBRARY ARCHIVES Kerala Legislative Assembly

ശയുമില്ലാതെ ഇരിക്കേണ്ടിവരുന്ന എന്നവന്നാൽ അതു വളരെ കഷ്ടംതന്നെയാണ്. ഇതിനു ഒരു മറുവശംകൂടി ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. നല്ല വയസ്സുള്ള പത്തു മൂവായിരംപേരെക്കൂടി നിയമിക്കുക എന്നവന്നാൽ ഇനിയും പത്തു മുപ്പതു കൊല്ലം കഴിഞ്ഞേ മറുള്ളവർക്കു ഉദ്യോഗങ്ങൾ ലഭിക്കുന്നതിന് സൗകര്യമുണ്ടാവുകയുള്ളു എന്നവരും. അങ്ങനെയായാൽ കുറെക്കാലം കഴിയുമ്പോൾ തിരുവിതാംകൂർ പബ്ലിക്ക് സർവീസിൽ ചെറുപ്പക്കാരെ കാണാൻ കിട്ടുകയില്ല എന്നും വരാവുന്നതാണ്. അതേ സമയത്തുതന്നെ സാമുദായിക റൊട്ടേഷൻ ഈ ആർഡർ ബാധകമായി വരുമോ എന്നുള്ള ഒരു സംശയംകൂടി ഉണ്ടെന്നു മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞിട്ടുള്ളതിൽ നിന്ന് ഊഹിക്കാം. ഈ സംഗതിയെ സംബന്ധിച്ചു വളരെ ശാന്തമായും കൗശലമായും ആലോചിക്കുന്നതിനായി അഡ്വൈസറി ബോർഡിന്റെ ആലോചനയിൽ വന്നിരുന്ന എങ്കിൽ കാര്യക്ഷമമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ കഴിയുമായിരുന്നു. കമ്മിഷണരുമായി ഇതിനെപ്പറ്റി എനിക്കു സംസാരിക്കുവാൻ ഇടയായി. താമസിയാതെതന്നെ കമ്മിറ്റി വേഗം വിളിച്ചുകൂട്ടി ഇതിനു പരിഹാരം കണ്ടു പിടിക്കണമെന്ന് എന്നോട് അദ്ദേഹം പറയുകയുണ്ടായി. അതിനു മുൻപായി ഈ അടിയന്തിര പ്രമേയം വന്നതുകൊണ്ട് ഈ പ്രമേയത്തെ സംബന്ധിച്ചടത്തോളം ഏതു നിലയിലാണ് കമ്മറ്റിമെംബറന്മാർ സഹകരിക്കേണ്ടതു് എന്നു നിശ്ചയമില്ലാത്ത നിലയിലായിരിക്കുന്നു.

MR. K. P. KOCHUKORA THARAKAN : അസംബ്ലിക്കു മുൻപു് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുവാൻ സമയമില്ലായിരുന്നു എന്നാണോ കമ്മിഷണർ പറയുന്നതു്?

MR. P. S. MUHAMED : അഡ്വൈസറി ബോർഡിനെ നിയമിച്ചതിനുശേഷം ആദ്യത്തെ പബ്ലിക്ക് സർവീസ് കമ്മിഷണർ പോവുകയും പിന്നെ ഒരു പബ്ലിക്ക് സർവീസ് കമ്മിഷണർ വരികയും ചെയ്തു. അദ്ദേഹം കാര്യങ്ങളൊക്കെ മനസിലാക്കിവരുന്നതിനകം ഇതിനെപ്പറ്റി ആലോചിച്ചില്ലാ എന്നു വരുകിൽ കുറപ്പെടുത്തുവാനില്ലാ എന്നാണ് എനിക്കു തോന്നുന്നതു്.

MR. K. P. KOCHUKORA THARAKAN : ഈ ജി. ഒ. പുറപ്പെടുവിച്ചതു് ഏതു പബ്ലിക്ക് സർവീസ് കമ്മിഷണരുടെ കാലത്താണ്?

MR. P. S. MUHAMED : ഡാക്ടർ പരമേശ്വരന്റെ കാലത്താണെന്നാണ് എന്റെ വിശ്വാസം. ആക്ടിംഗ് ലിസ്റ്റിൽതന്നെ രണ്ടു വർഷമോ അതിൽകൂടുതലോ ആക്ട് ചെയ്തിട്ടുള്ളവർ ധാരാളംപേർ ഉണ്ടെന്നു കാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാന്നു. അങ്ങനെയുള്ളവർക്ക് രണ്ടുമാസവുംമറും ആക്റ്റു ചെയ്തിട്ടുള്ളവരെക്കാൾ ക്ലേശമായിരിക്കും ഈ ആർഡർ നടപ്പിൽ വരുത്തുന്ന പക്ഷം ഉണ്ടാകുന്നതെന്ന് നമുക്കു മനസ്സിലാക്കാം. അതുകൊണ്ട് അവരെ അവഗണിച്ചാൽ വലിയ വിഷമംവരാനിടയുണ്ടോ എന്നും ആലോചിക്കേണ്ടതാണ്. മറെറാന്ന്, തുടർച്ചയായി പബ്ലിക്ക് സർവീസ് കമ്മിഷണരുടെ നിയമനം അനുസരിച്ച് ആക്റ്റു ചെയ്തവരുടെ കാര്യമാണ്. അവരെ എന്തുചെയ്യണം?

MR. M. SIVATHANU PILLAI : പബ്ളിക്കു സർവീസിന്റെ കാര്യക്ഷമതയെ നോക്കണമോ, അതോ അപേക്ഷകന്മാരുടെ താൽപ്പര്യത്തെ നോക്കണമോ?

MR. P. S. MUHAMED : ആളുകളെ മുറുക്കുറെ നോക്കുകയാണെങ്കിൽ മാത്രമെ പബ്ളിക്ക് സർവീസിന്റെ കാര്യക്ഷമതയെ സംരക്ഷിക്കാൻ കഴുകയുള്ളൂ.

പബ്ളിക്ക് സർവീസ് കമ്മിഷണരെ നിയമിച്ചതിനു ശേഷം ഡിപ്പാർട്ടുമെൻറധികാരികൾക്ക്, ഒരു മാസം ആക്റ്റിംഗ് നിയമനം നൽകാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അവർ പബ്ളിക്ക് സർവീസ് ചട്ടങ്ങളെതന്നെ വ്യതിചലിച്ച് കണ്ടമാനം നിയമനങ്ങൾ നടത്തിയിട്ടും ഉണ്ട്.

MR. E. P. VARGHESE (*Ambalapuzha* cum *Shertala*) : ആ ആക്ടിംഗ് നിയമനങ്ങൾ പിന്നിടുള്ള നിയമനങ്ങൾക്ക് അവകാശമായിട്ടുവരുമോ?

MR. P. S. MUHAMED : വരും എന്നാണ് എന്റെ വിശ്വാസം.

MR. K. P. KOCHUKORA THARAKAN : പബ്ളിക്ക് സർവീസ് കമ്മീഷണർ പറഞ്ഞ രണ്ടായിരത്തിമുന്നൂററിൻപത്തിമൂന്നു പേരിൽ അവശേഷിക്കുടി ഉൾപ്പെട്ടുകയില്ലേ?

MR. P. S. MUHAMED : കാണുമായിരിക്കും. അതിനെക്കുറിച്ച് സൂക്ഷ്മമായ വിവരം എനിക്കറിയാൻ നിവൃത്തിയില്ല. ഈ കാര്യം കമ്മിഷണർ അവർകൾതന്നെ വെളിപ്പെടുത്തും എന്നു ഞാൻ വിചാരിക്കുന്നു.

ഈ ആക്റ്റിംഗ് ലിസ്റ്റിൽ എത്രത്തോളം ആളുകളെ അവരുടെ മുൻതൽ ആക്റ്റിംഗ് സർവീസിനെ പരിഗണിച്ച് നിയമിക്കാൻ കഴിയുമോ അത്രത്തോളം പേരെ നിയമിക്കാൻ ഉള്ള പഴുത് ഗവണ്മെൻറു കൊടുക്കേണ്ടതാണ്. ഇന്നത്തെ ആക്റ്റിംഗ് ലിസ്റ്റിൽ ഇതുകൊല്ലത്തെ ആക്റ്റിംഗ് ഉള്ളവരെ നിയമിക്കും എന്നോമറെറാ ഒരു വ്യവസ്ഥ ചെയ്താൽ അതുകൊണ്ട് എത്രപേർക്കു ഗുണം കിട്ടും, എത്ര പേർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

ഗുണം കിട്ടാതെ പുറത്തുപോകേണ്ടിവരും എന്നെല്ലാമുള്ള കണക്കുകൾ നോക്കി ഏതെങ്കിലുംതരത്തിൽ ഒരു വ്യവസ്ഥ ചെയ്യണം. അല്ലാതെ പെട്ടെന്നു ഇവിടെ ഇരുന്നുകൊണ്ടു് ഈ നിശ്ചയം പാസാക്കിക്കൊണ്ടു് പോകുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറ് ഈ സംഗതിയെക്കുറിച്ചു് നല്ലപോലെ ചിന്തിച്ചു് കായ്ക്ഷമതയ്ക്കു ഭംഗം വരാത്തവിധത്തിലും യഥാർത്ഥമായ ക്രൂതൽ അക്കറിംഗ് സർവീസുള്ള വർക്കു ദോഷം വരാത്തവിധത്തിലും ഒരു പോംവഴി കണ്ടുപിടിക്കയും അതിലേക്കു് ഒരു അഭിപ്രായം ശുപവൽക്കരിക്കയും ചെയ്യണമെന്നുള്ളതായിരിക്കണം മി. വേലായുധൻപിള്ള ഈ അടിയന്തിരപ്രമേയംകൊണ്ടു് ഉദ്ദേശിക്കുന്നതു് എന്നു ഞാൻ വിചാരിക്കുന്നു. ഇതുകൊണ്ടു് അക്കും ഒരു ദോഷവും ഉണ്ടാകുകയുമില്ലല്ലോ. സാമുദായിക റൊട്ടേഷൻ അനുസരിച്ചു് നിയമനങ്ങൾ നടത്തുന്നതിനു് വിരോധമില്ലെന്നു മി. വേലായുധൻപിള്ളതന്നെ സമ്മതിച്ചിട്ടുണ്ടു്.

MR. THARIATHU KUNJITHOMMEN : ഈ പ്രമേയത്തിൽ അങ്ങനെ പറയുന്നുണ്ടോ?

MR. PULIYOOR T. P. VELAYUDHAN PILLAI : ഞാൻ അതു് പ്രത്യക്ഷമായി സമ്മതിച്ചിട്ടുണ്ടു്.

MR. P. S. MUHAMED : അതുകൊണ്ടു് ഈ പ്രമേയം ഏതെങ്കിലും സമുദായത്തെ മൂഷണം ചെയ്യുവാനാണെന്നു് ആരും തെറ്റിധരിക്കണ്ടാ. ഇതു് അക്കും ഒരു ഉഷ്യവും ചെയ്യുകയില്ല. ഉഷ്യം വരുന്നതു് ഇന്നത്തെ യുവജനങ്ങൾക്കായിരിക്കും. അതുവരുത്താതെ സൂക്ഷിച്ചാൽ കൊള്ളാം. ഇന്നു് വിദ്യാലയങ്ങളിൽനിന്നു് പുറത്തിറങ്ങുന്നവരേക്കൂടി നാം പരിഗണിക്കേണ്ടതല്ലേ? അതുകൊണ്ടു് കുറെ ആലോചിച്ചു് ചെയ്യേണ്ട ഒരു സംഗതി ആണെന്നാണു് എനിക്കു തോന്നുന്നതു്.

MR. M. R. NARAYANA PILLAI : ഇതിനെപ്പറ്റി മെംബർ ആലോചിച്ചിട്ടുണ്ടോ?

MR. P. S. MUHAMED : ഞാനും ആലോചിക്കുന്നുണ്ടു്. ഗവണ്മെൻറാണു് കൂടുതലായി ആലോചിക്കേണ്ടതു്.

MR. K. R. NARAYANAN : അതുകൊണ്ടു് ഈ അടിയന്തിരപ്രമേയം പിൻവലിക്കണമെന്നാണോ മെംബർ ആഗ്രഹിക്കുന്നതു്?

MR. P. S. MUHAMED : ഇതു് പാസ്സാക്കണമോ പിൻവലിക്കണമോ എന്നു് മി. വേലായുധൻപിള്ളയ്ക്കു് അറിയാം.

MR. K. R. NARAYANAN : എനിക്കു മനസ്സിലാകുന്നതിനാണു് ഞാൻ ചോദിക്കുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : മനസ്സിലാക്കാൻ കഴിയുന്നതുപോലെ മനസ്സിലാക്കാം.

ഗവണ്മെൻറും ജനപ്രതിനിധികളും ഈ കാര്യത്തെപ്പറ്റി ആലോചിക്കണം. അതിനുള്ള സമയം കൊടുക്കണമെന്നും അല്ലാതെ ഇതു പ്രസ്സു ചെയ്യരുതെന്നും ആണ് എന്റെ അഭിപ്രായം.

MR. M. SIVATHANU PILLAI: ഗവണ്മെൻറ് ഈ തീരുമാനത്തെ പുനരാലോചിക്കണം എന്നാണോ മെമ്പറിന്റെ അഭിപ്രായം.

MR. P. S. MUHAMED : ആലോചിക്കണം, നിശ്ചയമായും ആലോചിക്കണം.

MR. M. SIVATHANU PILLAI : മെമ്പർക്ക് ഈ വിഷയത്തെപ്പറ്റി ഇപ്പോൾ ആലോചിക്കുവാൻ എന്തു തരക്കേടാണ് ഉള്ളതു്.

MR. P. S. MUHAMED : മി. ശിവതാണുപിള്ളയ്ക്ക് അതിന് എന്തെല്ലാം വിഷമങ്ങൾ ഉണ്ടോ ആ വിഷമങ്ങൾ എല്ലാം എനിക്കും ഉണ്ട്. ഇതിനെപ്പറ്റി അറിയേണ്ട സംഗതികളും കാര്യങ്ങളും സ്ഥിതിവിവരങ്ങളും അറിയാൻ കഴിഞ്ഞിട്ടില്ല. ഇവിടെ വന്നതിനുശേഷം പബ്ലിക്ക് സർവ്വീസ് കമ്മിഷണരിൽനിന്ന് കിട്ടിയിട്ടുള്ള ഏറ്റവും തുശ്ചമായ വിവരങ്ങളല്ലാതെ മറ്റൊന്നും നമുക്ക് അറിഞ്ഞുകൂടാ. നമ്മുടെ അഭിപ്രായങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു എന്നുള്ളതു മാത്രമാണ് നാം ചെയ്തിരിക്കുന്നതു്.

DEPUTY PRESIDENT : Your time is up.

MR. D. FRANCIS (*Kalkulam cum Vilavakod.*) Sir, Public Service Rules എല്ലാം പൂർത്തിയാകേണ്ടിരുക്കിறது. പബ്ലിക് സർവീസ് കമ്മിഷൻവഴിയാക ഉദ്യോഗത്തിൽ പ്രവേശിപ്പതിനു മുൻപു അപേക്ഷികളുക്കു യോക്യതയുണ്ടോ എന്നിതറിയുന്നതിനുമുൻ ഒരു interview കൊടുക്കപ്പടുകിறது. അപേക്ഷികളുക്കു ജോലി ചെയ്കിறതുക്കു യോക്യതയുണ്ടു എന്നിത നിശ്ചയപ്പെട്ടാൽ ഒരു മത്സിപ്പരീക്ഷ എല്ലോരുക്കും നടപ്പടുകിறது. അതിൽ പാസാകിறവർകൾ മാത്രം സർക്കാർ ജോലിക്കു യോക്യതയുണ്ടു എന്പതാക സ്ഥിരപ്പടുത്തപ്പടുകിறது. തവിരവും ഒവ്വൊരുസമുതായത്തിലും ജനസംഖ്യയിൻ എണ്ണത്തുക്കുച് ചരിയായ് ഉദ്യോഗത്തിൻ എണ്ണം കൊടുക്കപ്പടുകിறതു. അപേക്ഷികർകൾ ജോലിയിൽ എടുക്കപ്പടുമുൻ ചരിയാന യോക്യതയുണ്ടു സർട്ടിഫിക്കറ്റു മെഡിക്കൽ സർട്ടിഫിക്കറ്റു, വയതു സർട്ടിഫിക്കറ്റു മുതലിയ എല്ലാ രിക്കാർഡുകളും ഒഴുങ്കായ് വാങ്കിക് കൊൾളപ്പടുകിறതു.

35 വയതുക്കുമേൽ ഉദ്യോഗനിയമനം കൊടുക്കുവാൻ പാടില്ല എന്നു പബ്ലിക് സർവീസ് കമ്മിഷണരിടമിരുന്നു പുറപ്പടുവിത്തിരുക്കിറ നിയമം ഒരുവിതത്തിലും നിയായമല്ല. അവർകൾ വേറെ ജോലികളെല്ലാം വിട്ടു ഒരേ വഴിയായപ് പബ്ലിക് സർവീസുക്കുൾ പ്രവേശിത്തിരുപ്പതാൽ അവർകളുക്കു പിഴപ്പുക്കു വേറെ വഴിയില്ല. പബ്ലിക് സർവീസ് വഴി

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Francis.]

